# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 17 * — 08.06.2015-ൽ മറുപടിക്ക്

### ട്രോളിംഗ് നിരോധനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പി.ശ്രീരാമകൃഷ്ണൻ<br>ശ്രീ.എസ്.ശർമ്മ<br>ശ്രീ.കെ.ദാസൻ<br>ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | ട്രോളിംഗ് നിരോധനം അറുപത്തിയൊന്ന് ദിവസമാക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനം സംസ്ഥാനത്തിനും ബാധകമാണോ; ഇത് എന്നു മുതലാണ് നിലവിൽ വന്നിരുന്നത്; ട്രോളിംഗ് നിരോധന കാലയളവ് ഉയർത്തിയ തീരുമാനം പരമ്പരാഗത മത്സ്യതൊഴിലാളികളെ പ്രതിസന്ധിയിലാക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കേന്ദ്ര ഗവൺമെന്റിന്റെ 10.04.15 ലെ 30035/15/97 FY(T-1) Vol.IV നം. ഉത്തരവ് പ്രകാരം വെസ്റ്റ് കോസ്റ്റിൽ (പടിഞ്ഞാറൻ മേഖലയിൽ) ടെറിട്ടോറിയൽ വാട്ടേഴ്സിന് പുറത്ത് ഇന്ത്യയുടെ തനത് സാമ്പത്തിക മേഖലയിലാണ് (12nm - 200nm) (EEZ) ജൂൺ 1 മുതൽ ജൂലൈ 31 വരെ 61 ദിവസത്തെ മത്സ്യബന്ധന നിരോധനം ഏർപ്പെടുത്തിയത്. പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ട്രോളിംഗ് നിരോധനത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. |
| (ബി) | കേന്ദ്ര സർക്കാരിനെ സമീപിച്ച് തീരുമാനം മാറ്റിയെടുക്കാൻ സാധിച്ചിട്ടുണ്ടോ; സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ ഭാഗമായി എന്ത് മാറ്റമാണ് കേന്ദ്ര സർക്കാർ വരുത്തിയിരിക്കുന്നത്; വിശദമാക്കാമോ ? | (ബി) | സംസ്ഥാന സർക്കാർ മത്സ്യബന്ധന നിരോധനം 47 ദിവസം മാത്രമാക്കണമെന്ന് പ്രധാനമന്ത്രിയോടും കേന്ദ്ര കൃഷി മന്ത്രിയോടും അഭ്യർത്ഥിച്ചിട്ടുണ്ട്. ഇക്കാര്യം പരിഗണിക്കാമെന്നും തീരദേശ സംസ്ഥാന മുഖ്യമന്ത്രിമാരുടെ യോഗം വിളിക്കാമെന്നും കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. ഇപ്പോൾ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ട്രോളിംഗ് നിരോധനത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ